# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം – പ്ലാനിംഗ് സെക്ഷനിൽ പുതുതായി ഒരു സീറ്റു രൂപീകരിച്ച് (പി6 സീറ്റ്) ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം : പ്രോഗ്രാം ഓഫീസറുടെ 28.02.2023 തീയതിയിലെ അപേക്ഷ.

<u>ഉത്തരവ് നമ്പർ. E1-7333/2023/PrHQ; തീയതി : 03-03-2023</u>

ജയിലാസ്ഥാനകാര്യാലയത്തിലെ പ്ലാനിംഗ് സെക്ഷനിൽ പി1 മുതൽ പി5 വരെയുള്ള സീറ്റുകളിൽ നിലവിൽ കൈകാര്യം ചെയ്തുവരുന്ന വിഷയങ്ങൾക്ക് പുറമെ പുതുതായി ആരംഭിച്ച ജയിലുകളുമായി ബന്ധപ്പെട്ടുള്ള നിരവധി പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതിനാൽ ടി സെക്ഷനിലെ ജോലി ഭാരം വർദ്ധിച്ചിട്ടുണ്ടെന്നും കൂടാതെ പ്രിസൺ ഡെവലപ്മെന്റ് ഫണ്ട്, തടവുകാരുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്കായി CSS ഫണ്ടായി 7 കോടി അനുവദിച്ചിട്ടുണ്ടെന്നും, ടി ഫണ്ട് വിനിയോഗങ്ങൾ വളരെ വേഗത്തിലും സമയബന്ധിതമായും പൂർത്തിയാക്കേണ്ടതുള്ളതിനാലും, നിലവിൽ മറ്റു സീറ്റുകളിലെല്ലാം ജോലി ഭാരം കൂടുതലായതിനാലും ടി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പുതിയ ഒരു സീറ്റ് രൂപീകരിക്കണമെന്ന് പരാമർശം പ്രകാരം പ്രോഗ്രാം ഓഫീസർ അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷ പരിഗണിച്ചും പ്ലാനിംഗ് സെക്ഷനിലെ ജോലി ഭാരം കണക്കിലെടുത്തും പ്ലാനിംഗ് സെക്ഷനിൽ പുതുതായി പി6 സീറ്റ് രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇതിലേക്കായി WP2 സീറ്റിലെ ക്ലർക്ക് ശ്രീ. പ്രവീൺ മോഹനെ പി6 സീറ്റിലേക്ക് നിയമിച്ചുകൊണ്ടും പ്രിസൺ ഡെവലപ്മെന്റ് ഫണ്ട്, CSS ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനു ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

നിലവിൽ അവധിയിലുള്ള സീനിയർ ക്ലർക്ക് ശ്രീ. അനിൽകുമാർ. ആർ ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതുവരെ സംസ്ഥാനതല ഉപദേശക സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജയിലാസ്ഥാനകാര്യാലയത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ക്ലർക്ക് ശ്രീമതി. ആശ കെ.യ്ക്ക് ജനറൽ സെക്ഷനിലെ WP2 സീറ്റിന്റെ പൂർണ്ണ അധികചുമതല നൽകിക്കൊണ്ടും ഉത്തരവാകുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ് : 1.ശ്രീ.പ്രവീൺ മോഹൻ
ക്ലർക്ക്
ജയിലാസ്ഥാനകാര്യാലയം.

E1-7333/2023/PrHQ

f19838

2.ശ്രീമതി. ആശ കെ.,
ക്ലർക്ക്,
ജയിലാസ്ഥാനകാര്യാലയം. (ജോലിക്രമീകരണ വ്യവസ്ഥയിൽ)

പകർപ്പ് : ഡിഐജി, ദക്ഷിണമേഖല & ഡയറക്ടർ സിക്ക
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും
ഉദ്യോഗസ്ഥർക്കും
വെബ് സൈറ്റ്

E1-7333/2023/PrHQ

f19838